# Kalyan Lantern

MAHBIL/2015/63218 | MNE/353/2018-20 | MR/Tech/WPP-323/NE/2018

DECEMBER 2018

Vol. 04 | Issue 09 | MUMBAI | 36 Pages | Price: `10/-







# കൃപാഭിഷേകം

## ബൈബിൾ കൺവെൻഷൻ 2018











# ക്രിസ്തുമസ്സ്

## ആഘോഷങ്ങളുടെ നിറക്കൂട്ട് സ്നേഹത്തിന്റെ അവതാരം

സ്നേഹമുള്ളിടത്തേ ആഘോഷമുള്ളൂ. സ്നേഹത്തെ ആഘോഷമാക്കിയ സ്നേഹസമ്പന്നനായ ദൈവാവതാരത്തിന്റെ ആഘോഷമാണ് ക്രിസ്തുമസ്സ്. ആ സ്നേഹം മനുഷ്യനിൽ കുടികൊള്ളാനും, മനുഷ്യഭാവം സ്നേഹമാണെന്നും, സ്നേഹം വളരേണ്ടത് കുടുംബത്തിലാണെന്നും, അത് നിസ്വാർത്ഥതയുടേയും ആത്മബലിയുടേയും പരസ്പരം പങ്കുവയ്ക്കലിന്റേയും, മുറിയപ്പെടലിന്റേയും ജീവിതമാണെന്നും ക്രിസ്തുമസ്സ് നമ്മെ ഓർമ്മപ്പെടുത്തുന്നു.

ദൈവസ്നേഹമെന്ന ഭാഷക്ക് ഊടും പാവുമിടേണ്ട കുടുംബമാകുന്ന സൗഹൃദകൂട്ടിന് മൂല്യശോഷണം സംഭവിച്ചിരിക്കുന്നു. അവിടെ സ്വാർത്ഥതയുടേയും, അഹങ്കാരത്തിന്റേയും സുഖസന്തോഷങ്ങളുടേയും ചുവരുകൾ തീർത്ത്, സ്നേഹം തണുത്തുറഞ്ഞ കെട്ടിടങ്ങളായി മാറിയിരിക്കുന്നു. ആധുനികതയെന്ന വളർച്ചയുടെ പൊങ്ങച്ചങ്ങൾ മനുഷ്യത്വമൃദുലസംസ്കാരത്തെ കാർന്നുതിന്നുകൊണ്ടിരിക്കുന്നു. മുഖംമൂടികളുടേയും, കപടതകളുടേയും, വേഷങ്ങൾ ഏറി വരുന്നു. മനുഷ്യമനസ്സിനെ ശോഭിതമാക്കേണ്ട തനിമയ്ക്കും ലാളിത്യത്തിനും, നിർമ്മലതയ്ക്കും മങ്ങലേറ്റിരിക്കുന്നു.

ഈ ലക്കത്തിലൂടെ കുടുംബത്തിൽ ദൈവസ്നേഹത്തിന്റെ പ്രാധാന്യത്തെകുറിച്ചും, തകരുന്ന കുടുംബബന്ധങ്ങളിൽ കെട്ടുറപ്പിന്റെ ആവശ്യകതയെക്കുറിച്ചും, ഇന്നത്തെ ശാസ്ത്രസാങ്കേതികതയുടെ അതിപ്രസരണം, കുടുംബമെന്ന സ്നേഹകൂട്ടിന് എത്രമാത്രം ആപത്കരമാണെന്നും പ്രതിപാദിച്ചിരിക്കുന്നു.

അതിവേഗതയുടെ തിരക്കിട്ട യാത്രക്കിടയിൽ ഒരു തിരിഞ്ഞുനോട്ടം അനിവാര്യമല്ലേ??

ക്രിസ്തുമസില്ലാതെ ഒരു യഥാർത്ഥ ക്രിസ്ത്യാനിക്ക്, സ്നേഹാവതാരത്തെ ആഘോഷിക്കാനാവുമോ?. സ്നേഹമെന്ന ഭാഷയാകുന്ന വചനം മാംസം ധരിച്ചത് പരിശുദ്ധ കന്യകാമറിയത്തിലൂടെ വിശുദ്ധ യൗസേപ്പ് പിതാവിന്റെ സംരക്ഷണയാകുന്ന കുടുംബത്തിലാണ്.

നമ്മുടെ കുടുംബങ്ങളിലും ഈ വചനത്തിന് പിറവിയെടുക്കാൻ സ്ഥലം ഒരുക്കാം.
ബന്ധങ്ങളെ ആത്മാർത്ഥമാക്കി, ഹൃദയങ്ങളെ വിശുദ്ധമാക്കി
മനസ്സുകളെ നിർമ്മലമാക്കി, പ്രവർത്തികളെ നിസ്വാർത്ഥമാക്കി
ജീവിതങ്ങളെ പങ്കുവച്ച്, ഈ ക്രിസ്തുമസ്സ് സാഘോഷമാക്കാം.

**ഏവർക്കും ക്രിസ്തുമസ്സ് ആശംസകൾ.**



KALYAN LANTERN
DIOCESE OF KALYAN

Kalyan Lantern

YOUR WORD IS A LAMP TO
MY FEET AND A LIGHT TO MY PATH

DECEMBER 2018

Vol. 04 | Issue 09

PATRON
Bishop Mar Thomas Elavanal

CHAIRMAN
Msgr. Emmanuel Kadankavil

CHIEF EDITOR
Fr. Biju Mannamcheril

ASSOCIATE EDITOR
Fr. Shaiju Augustine Kattayath

MARKETING MANAGERS
Fr. Sebastian Mudakkalil
Mr. Roy Philip

EDITORIAL BOARD
Fr. Benny Thanninikumthadathil
Fr. Lijo Velliyankandathil
Fr. Raphael Ainickal
Mr. George Chirayath
Mr. A.F. Thomas
Mr. Jimmy Antony
Mr. Antony Cyriac
Ms. Jerin Jacob
Mrs. Elizabeth Dimal

CIRCULATION MANAGER
Fr. Royas Kalaparambil

CONSULTORS
Mrs. Rosily Thomas
Mr. Biju Dominic
Dr. C.P. Johnson
Mr. Roy Kottaram
Mr. Babu Mathew
Mr. Joseph John

OFFICE SECRETARY
Mr. Joseph Chiramal

DESIGN & LAYOUT
Mr. Josemon Vazhayil

Diocese of Kalyan, Plot No. B/38, P.B. No. 8434, IIT P.O., Powai, Mumbai, Maharashtra, India - 400076.
Tel. (+91) (022) 2578 5515, 2578 2385 | E-mail: kalyanlantern@gmail.com
Website: www.kalyandiocese.com | Matrimonial: www.godsownchoice.com

MAHBIL/2015/63218 | MNE/353/2018-20

തിരുക്കുടുംബത്തിന്റെ പുണ്യങ്ങൾ
എന്റെ കുടുംബത്തിൽ പകർത്തുമ്പോൾ,
എന്റെ കുടുംബവും തിരുക്കുടുംബമാകും.
യൗസേപ്പ് പിതാവിന്റെ വിധേയത്വവും,
പരിശുദ്ധ അമ്മയുടെ കൃപയുടെ നിറവും
കുഞ്ഞുവാവ ഈശോയുടെ നൈർമല്യവും
ചേർന്നാൽ എന്റേതും തിരുക്കുടുംബമാകും.

ഇങ്ങനെയുള്ള കുടുംബങ്ങൾക്ക്
ചിലപ്പോൾ പലായന അനുഭവം
ഉണ്ടായേക്കാം, എന്നാൽ അപ്പോൾ
ദൈവം കൈപിടിച്ച് നടത്തും.
അവർ പാറമേൽ പണിത
ഭവനം പോലെയാണ്.

Merry Christmas



KALYAN LANTERN
DIOCESE OF KALYAN

# മാറാം നമുക്ക്.... മാറ്റാം മറ്റുള്ളവരെ

വി. ലൂക്കായുടെ സുവിശേഷം രണ്ടാം അദ്ധ്യായത്തിന്റെ തുടക്കത്തിൽ നാം വായിക്കുന്നു, പെസഹാതിരുനാളിനു പോയ പന്ത്രണ്ടു വയസ്സുള്ള ഈശോ, തിരികെ പോരാതെ ദേവാലയത്തിൽ തങ്ങിയെന്നും, അതറിയാതെ ഒരു ദിവസത്തെ വഴി ഔസേപ്പ് പിതാവും മാതാവും പിന്നിട്ടെന്നും.

തിരികെ പോരുമ്പോൾ ബാലനായ യേശു യാത്രാസംഘത്തിന്റെ കൂടെ കാണും എന്നാണ് എല്ലാവരും കരുതിയത്. അമ്മയുടെ കൂടെയുണ്ടാകും എന്ന് അപ്പനും അപ്പന്റെ കൂടെയുണ്ടാകും എന്ന് അമ്മയും ചിന്തിച്ചു.

അപ്പനും അമ്മയും മകനും തമ്മിൽ, അല്ലെങ്കിൽ ഭാര്യയും ഭർത്താവും തമ്മിലുള്ള ആശയവിനിമയം വേണ്ട രീതിയിൽ നടക്കാതിരുന്നതിന്റെ ഒരു വലിയ ഉദാഹരണം.



**വർത്തമാനകാലം**

മുൻവശത്തെ മുറിയിലിരുന്ന് മകൻ Whats App-ൽ അമ്മയ്ക്ക് text ചെയ്തു. "Maa.... I want tea...." അടുക്കളയിൽ നിന്നും അമ്മയുടെ reply text, "M busy, after I hr."

അമേരിക്കയിൽ നിന്നും മമ്മി, കംപ്യൂട്ടറിന്റെ മോണിട്ടറിൽ ബിസ്ക്കറ്റ് നീട്ടുന്നു. ഇന്ത്യയിലിരിക്കുന്ന രണ്ടു വയസ്സുകാരൻ കുഞ്ഞ് അതു കണ്ട് വായ് പൊളിക്കുന്നു. ഈ സമയം വീട്ടുജോലിക്കാരി ചപ്പാത്തി കുഞ്ഞിന്റെ വായിലേയ്ക്ക് തള്ളി കയറ്റുന്നു.

ആഹാ.... എത്ര മനോഹരം.... എന്തു നല്ല ആശയ വിനിമയം.

തന്നെ വാരിയെടുത്ത് കൊഞ്ചിക്കുമെന്നും കവിളിൽ ഉമ്മ വെയ്ക്കുമെന്നും തന്നോട് കുശലം പറയുമെന്നും വിചാരിച്ച് അതാഗ്രഹിച്ച് കട്ടിലിൽ കിടന്ന ഒരു വയസ്സുകാരൻ, കട്ടിലിന്റെ ഇരുമൂലകളിലായി ഇരുന്ന് mobile phone-ൽ ചാറ്റ് ചെയ്യുന്ന modern ഡാഡിയെയും മമ്മിയെയും കണ്ടപ്പോൾ "ഇവർ എന്നെ net-ൽ നിന്നും download ചെയ്തെടുത്തതാണോ....?!" എന്ന് സംശയിച്ചതിൽ എന്താ തെറ്റ്.

**കുടുംബവും കുടുംബാംഗങ്ങളും**

പുരുഷൻ സ്ത്രീയോട് ചേരുന്ന വിവാഹബന്ധമാണ് കുടുംബത്തിന്റെ തുടക്കം. അവർ ഭാര്യയും ഭർത്താവുമായി. പിന്നീട് മക്കൾ ജനിച്ചു. അവർ അപ്പനും അമ്മയുമായി. മക്കൾ വിവാഹം കഴിച്ചു. അവർ അമ്മായിയപ്പനും അമ്മായിയമ്മയും ആയി. മക്കൾക്ക് മക്കൾ ജനിച്ചു. അവർ വെല്ല്യപ്പനും വെല്ല്യമ്മയും ആയി.

ഇവരെല്ലാം കുടുംബാംഗങ്ങൾ ആയി.

**സംസാരം കുടുംബത്തിൽ**

ഏദൻ തോട്ടത്തിൽ തനിച്ചായിരുന്ന ആദത്തിന് സംസാരിക്കാൻ കൂട്ടിനായി ഹവ്വയെ നൽകിയ ദൈവം ഭർത്താവിന് സംസാരിക്കാൻ ഭാര്യയെയും ഭാര്യയ്ക്ക് സംസാരിക്കാൻ ഭർത്താവിനെയും മാതാപിതാക്കൾക്ക് സംസാരിക്കാൻ മക്കളെയും കൊച്ചു മക്കളെയും മരുമക്കളെയും, മക്കൾക്ക് സംസാരിക്കാൻ മാതാപിതാക്കളെയും നൽകി.

എന്നാൽ ഇവർ തമ്മിലുള്ള സംസാരം ഇന്ന് നമ്മുടെ കുടുംബങ്ങളിൽ എത്രമാത്രം കാര്യമാത്ര പ്രസക്തമായി നടക്കുന്നു എന്ന് നാം ഒന്ന് തിരിഞ്ഞു നോക്കേണ്ടതുണ്ട്.

സമയമില്ല.............. എല്ലാവർക്കും തിരക്കാണ്..... ആർക്കും സമയമില്ല.

അപ്പൻ കൊമ്പത്ത്, അമ്മ വരമ്പത്ത്, മക്കൾ തെരുവോരത്ത് എന്ന പോലെ പരസ്പരം കൂട്ടിമുട്ടാത്ത സമാന്തര രേഖകളായി നീളുന്നു കുടുംബജീവിതങ്ങൾ.

**പ്രതിബന്ധങ്ങൾ**

ഒരു വീട്ടിലെ അംഗങ്ങളുടെ വിവിധ ജീവിതചര്യാസമയക്രമങ്ങൾ ഒരു പക്ഷെ കുടുംബാംഗങ്ങളുടെ ഒത്തുചേരലിന് ഒരു വിഘാതമായേക്കാം. എങ്കിലും ശ്രമിച്ചാൽ ചില പൊതു സാഹചര്യവും സമയവും കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടാവുകയില്ല.

ദിവസവും കൂടിചേരലിന് സാഹചര്യം ലഭിക്കുന്നവരാകട്ടെ മറ്റ് തിരക്കുകൾ കൊണ്ട് മൂടുപടമിട്ട് സമയമില്ല എന്നു പരിതപിക്കുന്നു. വർദ്ധിച്ചു വരുന്ന നവീന സാമൂഹിക മാധ്യമ ഉപയോഗം, ടെലിവിഷൻ, ഓഫീസിലെ ജോലി വീട്ടിലേയ്ക്ക് വലിച്ചിഴയ്ക്കൽ, സ്വന്തമായി സൃഷ്ടിച്ച അവനവൻ ലോകം, അനാവശ്യ അവിഹിതബന്ധങ്ങൾ, കൂടിചേരലിൽ ലഭിക്കാത്ത ഊഷ്മളത തുടങ്ങി "ഓ ഇങ്ങിനെയൊക്കെയങ്ങ് പോയാൽ മതി" എന്ന ചിന്താഗതി വരെ പരസ്പരമുള്ള ആശയവിനിമയത്തിന് വിഘാതമായി നിൽക്കുന്നു.

**മാറ്റം വേണ്ടേ...?**

ഇതിനൊരു മാറ്റം വേണം എന്നു പറയുമ്പോഴും അതെങ്ങിനെ, എവിടെ തുടങ്ങണം എന്ന സന്ദേഹമാണ് മിക്കവർക്കും. പെട്ടെന്നൊരു ദിവസം രാവിലെ എഴുന്നേൽക്കുമ്പോൾ, അല്ലെങ്കിൽ ഒരു ഒന്നാം തീയതി, അതുമല്ലെങ്കിൽ ഒരു വിശേഷദിവസം തീരുമാനമെടുത്ത് പ്രഖ്യാപിച്ചതുകൊണ്ടോ ഇറങ്ങി തിരിച്ചതുകൊണ്ടോ കുടുംബത്തിൽ ആശയവിനിമയം സൃഷ്ടിക്കാൻ സാധിക്കും എന്ന മിഥ്യാധാരണ വേണ്ട.

പതിയെ തുടങ്ങാം. എന്നിട്ട് പടിപടിയായി മുന്നോട്ട് നീങ്ങാം. അതിന് മുൻകൈ എടുക്കേണ്ടത് തീർച്ചയായും കുടുംബനാഥനും കുടുംബനാഥയും തന്നെ.

**ചില ഒറ്റമൂലികൾ**

രാവിലെ കോളേജിലേയ്ക്ക്/ ഓഫീസിലേയ്ക്ക് പോകാനിറങ്ങിയ മകളെ / മകനെ ഇടയ്ക്ക് വെറുതെ ഒന്നു ഫോണിൽ വിളിക്കാം.

വിളിക്ക് (ശീലമില്ലെങ്കിൽ) കാരണം കണ്ടെത്താൻ വേണമെങ്കിൽ നിർദ്ദോഷകരമായ ഒരു നുണയും പറയാം. ഉദാഹരണത്തിന്, "ഇന്ന് ട്രെയിനിന് എന്തോ പ്രശ്നമുണ്ടെന്നു കേട്ടല്ലോ, നീ വണ്ടിയിൽ കയറിയോ, ബുദ്ധിമുട്ട് എന്തെങ്കിലും



ഉണ്ടോ, തിരക്കുണ്ടോ, ഇരിക്കാൻ സീറ്റ് ഒക്കെ കിട്ടിയോ" തുടങ്ങിയ മന:പൂർവ്വമായ ചോദ്യങ്ങൾ. (നിന്റെ കൂടെ ആരൊക്കെയുണ്ട് എന്ന ചോദ്യം ആദ്യമേ വേണ്ട; അതു പിന്നീട് ആകാം.)

അടുത്തപടി-

നീ സഹോദരനെ /സഹോദരിയെ ഒന്ന് വിളിച്ച് അന്വേഷിച്ചേക്ക്; ഞാൻ അല്പം തിരക്കിലാ എന്നു പറഞ്ഞേക്കുക. എന്നിട്ട് എന്നേയും അമ്മയേയും ഒന്നു വിവരം അറിയിച്ചേക്കണേ എന്നു കൂടി കൂട്ടിച്ചേർക്കാം.'

വൈകിട്ട് വീട്ടിൽ വരുമ്പോഴും ഇത്തരം ചില തയ്യാറാക്കിയ ഡയലോഗുകൾ അങ്ങ് കാച്ചിയേക്കണം. അക്കൂടെ അമ്മമാർ, കോളേജിലെ / ജോലി സ്ഥലത്തെ വിശേഷങ്ങൾ കുറെശ്ശെ കുറേശ്ശെ ചോദിച്ചു മനസ്സിലാക്കാൻ തുടങ്ങണം. പിന്നീട് അതൊരു ശീലമാക്കണം.

കോളേജിലെ ടീച്ചർമാരെക്കുറിച്ചും ഓഫീസിലെ മേലുദ്യോഗസ്ഥരെക്കുറിച്ചും സഹപ്രവർത്തകരെക്കുറിച്ചും അന്വേഷണം ആകാം. കുറേകഴിഞ്ഞ് കൂട്ടുകാരെ ക്കുറിച്ചാകാം.

മക്കളിലൂടെ മേൽപറഞ്ഞവരെല്ലാം മാതാപിതാക്കളുടെയും നേരിൽ കാണാത്ത പരിചയക്കാരാകും.

കോളേജിലോ ഓഫീസിലോ നടന്ന സംഭവങ്ങൾ മക്കളും, ഓഫീസിലോ വീട്ടിലോ നടന്ന സംഭവങ്ങൾ മാതാപിതാക്കളും പറഞ്ഞു തുടങ്ങണം. ഓരോരുത്തരും അവരവരുടെ അന്നത്തെ ദിവസത്തെക്കുറിച്ച് വിശദീകരിക്കാൻ ആവുന്ന രീതിയിലേയ്ക്ക് ഇതു വളർത്തിയെടുക്കണം.

**അവതരണം**

പ്രത്യേകിച്ച് ഒരു വിശേഷ പരിപാടിക്ക് (Function /Celebration) പോയി വന്ന കുടുംബനാഥനോ

കുടുംബനാഥയോ ഒരു കഥ പറയുന്ന പോലെ സരസമായും ആകാംക്ഷ ജനിപ്പിച്ചും പ്രത്യേക രീതിയിൽ അത് അവതരിപ്പിക്കുമ്പോൾ അതു കേൾക്കാൻ മക്കൾക്ക് താത്പര്യം ജനിക്കും. തന്റെ ഇന്നത്തെ വിശേഷപരിപാടികളിൽ മക്കളും (അവരുടെ നന്മകൾ) പരാമർശവിഷയ മായിരുന്നു എന്നു കൂടി കേട്ടാൽ അവരെ അത് ഏറെ സന്തോഷിപ്പിക്കും.

ഇത്തരത്തിൽ സംഭാഷണങ്ങളെ കൗതുകമുണർത്തുന്നതായി വളർത്തിയെടുക്കുകയും മക്കളുടെ കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്യുമ്പോൾ തങ്ങളുടെ മേൽ അപ്പനമ്മമാർക്കുള്ള കരുതലിനെ മക്കൾ തിരിച്ചറിയും.

**പക്ഷെ.......**

ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. മക്കൾ അനുഭവങ്ങൾ പറയുമ്പോൾ അവരുടെ ഭാഗത്ത് ചെറിയ തെറ്റുകൾ സംഭവിച്ചതായി മനസ്സിലാക്കിയാൽ അതിന് കുറ്റപ്പെടു ത്താതെ, നല്ല രീതിയിൽ സാവകാശം തിരുത്തികൊടുക്കാൻ ശ്രമിക്കണം. നല്ല കാര്യങ്ങൾ ചെയ്തുവെങ്കിൽ തീർച്ചയായും അഭിനന്ദിക്കാൻ മറക്കരുത്. വിഷമങ്ങളോ പ്രതിസന്ധികളോ ഉണ്ടെങ്കിൽ മനോധൈര്യം കൊടുത്ത് ആത്മവിശ്വാസം പകർന്നു നൽകുകയും, പരിഹാരം ഉണ്ടെന്ന് ബോധ്യപ്പെടുത്തുകയും, അതിന് തങ്ങൾ കൂടെയുണ്ടെന്ന് പറഞ്ഞ് മനസ്സിലാക്കുകയും വേണം.

**അഭിപ്രായ സമന്വയം**

കുടുംബത്തിലെ പൊതുകാര്യങ്ങളെ ക്കുറിച്ച് തീരുമാനമെടുക്കുന്നതിനുമുമ്പ് — അത് വ്യക്തിപരമായ കാര്യങ്ങളാണെങ്കിൽ പോലും — മക്കളുടെ അഭിപ്രായം ചോദിക്കുക. അവർ ഒരു തീരുമാനത്തിലേക്കെത്തുമ്പോൾ അതിലെ ശരിതെറ്റുകൾ (അതുമൂലമുള്ള ഗുണദോഷങ്ങൾ അഥവാ പോസീറ്റിവ് നെഗറ്റീവുകൾ തരംതിരിച്ച്) പറഞ്ഞുകൊടുക്കുകയും ചിന്തിക്കാൻ സമയം നൽകുകയും വേണം. അവരുടെ നിർദ്ദേശങ്ങൾക്ക് അർഹിക്കുന്ന മൂല്യവും പരിഗണനയും കൊടുക്കുകയും, അഥവാ എടുത്ത തീരുമാനം തെറ്റാണെങ്കിൽ അത് പറഞ്ഞ് മനസ്സിലാക്കി കൊടുക്കുകയും വേണം.

**പദ്ധതികൾ**

പിന്നീട് ഒരുമിച്ചുള്ള യാത്രകൾ പ്ലാൻ ചെയ്യാം. അവർക്കിഷ്ടമുള്ള സ്ഥലങ്ങൾ തിരഞ്ഞെ ടുക്കുവാൻ ശ്രമിക്കുക.

ഒരുമിച്ചുള്ള യാത്രകൾ, ആഘോഷ പരിപാ ടികളിൽ പങ്കെടുക്കൽ, ഒരുമിച്ചുള്ള ഭക്ഷണം, ഒരുമിച്ചുള്ള പ്രാർത്ഥന തുടങ്ങി ഒരുമിച്ച് കൂടാൻ കിട്ടുന്ന അവസരങ്ങൾ പ്രയോജന പ്പെടുത്തുകയും കൂടുതൽ അവസരങ്ങൾ സൃഷ്ടിച്ചെടുക്കുകയും വേണം.

ഓർക്കുക ഈ അവസരങ്ങളിലൊക്കെ സംസാരിച്ചു കൊണ്ടേയിരിക്കുക.

ഈ സംസാരവും ഇടപഴകലുകളും എല്ലാ അംഗങ്ങളോടും ആകാം. ഭാര്യയ്ക്കും ഭർത്താ വിനും ഇടയിൽ മരുമക്കൾക്കും അമ്മായി യമ്മമാർക്കുമിടയിൽ തുടങ്ങി എല്ലാ കുടും ബാംഗങ്ങൾക്കുമിടയിൽ ഇടതടവില്ലാതെ ഇത്തരം സംസാരങ്ങൾ ഉണ്ടാകുമ്പോൾ അത് ആശയവിനിമയവും അഭിപ്രായപങ്കു വെയ്ക്കലും ഒക്കെ ആയി മാറും.

അടുത്തുള്ളപ്പോൾ നേരിട്ടും അകലെയുള്ള പ്പോൾ ഫോൺ മുഖേനയും നിരന്തരമായ സംഭാഷണം ഹൃദയങ്ങൾ തമ്മിലുള്ള ആത്മബന്ധം ഊട്ടിയുറപ്പിക്കും. ആരോഗ്യപര മായ നല്ല ആശയവിനിമയം കുടുംബബന്ധ ങ്ങളുടെ ഇഴപാകാൻ കാരണമാകും.

മക്കളും മാതാപിതാക്കളും ഒരുപോലെ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണിവ.

**ആശയവിനിമയം**

കാനായിലെ കല്യാണ വിരുന്നിൽ അമ്മ മകനോട് നടത്തിയ ആശയവിനിമയമാണ് കർത്താവിന്റെ ആദ്യ അത്ഭുതപ്രവൃത്തിക്ക് കാരണമായത്. കുരിശിൽ കിടന്ന് ഈശോ നടത്തിയ ആശയവിനിമയമാണ് നമുക്ക് എല്ലാവർക്കും അമ്മയായി പരിശുദ്ധ മാതാവിനെ ലഭിക്കാൻ കാരണം.

അതെ, ആശയവിനിമയത്തിലൂടെ അത്ഭുതങ്ങൾ സൃഷ്ടിക്കാം.

മാറാം നമുക്ക്, മാറ്റാം മക്കളെ,

മറ്റുള്ളവരുടെ മാറ്റത്തിനും കാഹളധ്വനി മുഴക്കാം.

Mr. Roy J Kottaram
Belongs to St.Bartholomew parish, Kalyan East. He is a social worker and teacher

# ഓർമ്മക്കുറിപ്പുകൾ

ചെറിയ കുന്നിൻ ചെരിവിലാണു പള്ളി. അകലെ നിന്നും വരുന്ന സന്ധ്യാമണിമുഴക്കത്തിനൊപ്പം അടുത്തു നിന്നും വല്ല്യപ്പച്ചന്റെ ആജ്ഞാശ ക്തിയുള്ള വാക്കുകൾ -

'എല്ലാവരും വരിനെടാ കുരിശു വരയ്ക്കാം'. വല്ല്യ പ്പച്ചന്റെ വാക്കുകൾ പള്ളി മണിമുഴക്കത്തിനൊപ്പം നിത്യേനയുള്ളതാണ്. ആരൊക്കെ ശ്രദ്ധിച്ചില്ലെങ്കി ലും പള്ളിമണികൾക്ക് മുഴങ്ങാതിരിക്കാനാവില്ല. വല്ല്യപ്പച്ചന് കുരിശു വരക്കാൻ വരിനെടാ പറയാതിരിക്കാനും.

"കർത്താവിന്റെ മാലാഖാ പരിശുദ്ധ മറിയത്തൊടു വചിച്ചു" - മുഴങ്ങിത്തീരുന്ന പള്ളിമണികൾക്കൊ പ്പം അൻപത്തിമൂന്നു മണികളിലായി നാവുകളെ ല്ലാം ചലിക്കുന്നു. നിരയായ് നിന്ന് കൈകൾ കൂപ്പി സ്തുതിചൊല്ലുന്നു.

"അപ്പച്ചാ ഈശോമിശിഹായ്ക്ക് സ്തുതിയായി രിക്കട്ടെ ഉമ്മ". തലമുറകളുടെ നാവിൽ നിന്നും പുതുതല മുറയുടെ കർണ്ണങ്ങളിലേക്ക് പതിക്കുന്ന സ്തുതിപ്പു കളായ് കൈമാറ്റം ചെയ്യപ്പെടുന്നു ഈ വാമൊഴി കൾ. അന്യം നിന്നു പൊയ്കൊണ്ടിരിക്കുന്ന കേരള ക്രൈസ്തവ പാരമ്പര്യത്തിന്റെ ആദ്യകണ്ണികളിലൊന്നാണ് ഇതുപോലുള്ള കുടുംബപ്രാർത്ഥനകൾ.

മാതൃഭൂമിയായ കേരളത്തിലേക്ക് കുടുംബസമേതം യാത്രതിരിക്കാൻ തിടുക്കപ്പെടുന്നതിന്റെ മനശാ സ്ത്രത്തിൽ ഈ നഷ്ടബോധവും പെടും. വല്ല്യപ്പ നെ കേൾക്കാൻ - വല്ല്യമ്മച്ചിയെ കേൾക്കാൻ, അങ്ങനെ ഒത്തിരിയൊത്തിരി.

സ്തുതിചെല്ലാൻ, 'വരിനെടാ കുരിശുവരക്കാൻ' പറയാൻ, അപ്പനെയും ഒരമ്മച്ചിയേയും നാം കൊതിക്കുന്നു. ശകാരഭാവത്തോടെ സ്നേഹി ക്കുന്ന കാരണവന്മാരുടെ അസ്സാന്നിധ്യം കുടുംബ ബന്ധങ്ങളെ ദുർബലമാക്കുന്നുണ്ട്.

ഇനി ഞാൻ കാത്തിരിക്കുകയല്ല ചെയ്യേണ്ടത്; വിളിക്കാൻ തുടങ്ങണം. "മക്കളേ, വരൂ നമുക്ക് കുരിശുവരയ്ക്കാം" എന്ന്. എന്റെ ചെവിയിൽ മുഴങ്ങി കേട്ട പ്രാർത്ഥനാക്ഷണങ്ങൾ ഇന്ന് വീട്ടിലുള്ളവരുടെ ചെവികളിൽ മുഴക്കേണ്ട കടമ എനിക്കാണ്. ഇത് വെറും ഒരു മുഴക്കമല്ല; ഒരു തലമുറയുടെ ആത്മാവിന്റെ ആഴത്തിൽ വിതക്കുന്ന ദൈവബോധത്തിന്റെ വിത്തുകളാണ്.

ഗതകാല പുണ്യസ്മരണകളുടെ ഗൃഹാതുരത്വം വേട്ടയാടുന്നുണ്ടെങ്കിൽ ഒരു കാര്യം നാം ഓർക്കേ ണ്ടതുണ്ട്. ഇന്നിന്റെ ഇളം മനസ്സിൽ നാളെ ഉദിച്ചു വരേണ്ട ഓർമ്മകൾ സമ്മാനിക്കാൻ ദൈവം അയച്ച സംസ്കാരശില്പിയാണ് ഞാൻ; സ്നേഹസംസ്കാ രത്തിന്റെയും വിശുദ്ധിയുടെ സംസ്കാരത്തിന്റെ യും വിത്ത് വിതക്കുന്ന ദൈവീക ശില്പി.

Mr. Babu Mathew
Belongs to Sacred Heart Church, Bhayandar. He is the director at Centre for HR and International Standards



# ഞാനും ദൈവവും എന്റെ കുടുംബവും

പരിശുദ്ധ ത്രിത്വമാകുന്ന കുടുംബത്തിന്റെ സ്നേഹത്തിൽ നിന്നു ജനിച്ച മക്കളായിരുന്നു ആദവും ഹവ്വയും. അവരുടെ കുടുംബജീവിതത്തിൽ, സായാഹ്നങ്ങളിൽ നടക്കാൻ വരുന്ന ദൈവത്തിന്റെ സാന്നിധ്യവും ഉണ്ടായിരുന്നു. ആ സാന്നിധ്യം അവർക്ക് ആനന്ദവും, ഊർജ്ജവും, സംതൃപ്തിയും നൽകിപ്പോന്നു.

ഇന്നു നാം നഗ്നത എന്നു വിളിക്കുന്ന അവസ്ഥാവിശേഷം



അന്നും അവർക്കുണ്ടായിരുന്നു. എന്നാൽ ദൈവസാന്നിധ്യത്തിന്റെയും ദൈവകൃപയുടെയും ആവരണം അവരെ എല്ലാ അപൂർണ്ണതകളിൽ നിന്നും സംരക്ഷിച്ചു. ദൈവേഷ്ടം മാത്രം പ്രവർത്തിച്ച്, ദൈവവുമായി സംസാരിച്ച് ആനന്ദിച്ചിരുന്ന നാളുകളിൽ അവർ പൂർണ്ണരായിരുന്നു.

ദൈവസാന്നിധ്യമാണ് ആദാമിനെയും ഹവ്വായെയും പൂർണ്ണരാക്കിയത്. ദൈവേഷ്ടം മറികടന്ന് തന്നിഷ്ടം പ്രവർത്തിച്ചപ്പോൾ ദൈവസാന്നിധ്യം കാണാനാകാതെ അവരുടെ കണ്ണുകൾ മൂടപ്പെട്ടു. സായാഹ്നത്തിൽ നടക്കാൻ വന്ന ദൈവത്തെ അവ്യക്തമായി കാണുകയും, ദൈവസാന്നിധ്യം മറച്ചു വച്ചിരുന്ന തങ്ങളിലെ വ്യതിരിക്തതകളെയും ഭാവാന്തരങ്ങളെയും അവർ പൂർണ്ണമായി കാണുവാനും തുടങ്ങി. പരസ്പര പൂരകത്വം പൂർണ്ണമാക്കിയിരുന്ന അവരുടെ വ്യക്തിത്വങ്ങളിലെ വ്യത്യസ്തതകളെ അവർ പഴിചാരാൻ തുടങ്ങി.

**ഇന്നത്തെ കുടുംബങ്ങൾ**

വിവാഹം കൂദാശയായപ്പോൾ, മാമ്മോദീസയും സ്ഥൈര്യലേപനവും വഴി ആത്മാവ് മുദ്രണം ചെയ്യപ്പെടുമ്പോൾ, വ്യക്തിയിലും കുടുംബത്തിലും അദൃശ്യമായ ദൈവസാന്നിധ്യം വീണ്ടും ദൃശ്യമാകാൻ തുടങ്ങി. സായന്തനങ്ങളിൽ ഏദേൻ തോട്ടത്തിൽ നടക്കാൻ വന്ന ദൈവസാന്നിധ്യം, കുടുംബങ്ങളിലെ സന്ധ്യാപ്രാർത്ഥനകളിൽ സന്തോഷത്തോടെ നിറഞ്ഞു നിന്നു.

**കുടുംബപ്രാർത്ഥന**

പ്രാർത്ഥനയിൽ നാം ദൈവത്തോടും ദൈവം നമ്മോടും സംസാരിക്കുന്നു. അതിന് തക്കതായ പ്രാധാന്യം നൽകിയേ തീരൂ. കുടുംബപ്രാർത്ഥനക്കുവേണ്ടി ചിലവഴിക്കുന്ന സമയം നമ്മുടെ കുടുംബത്തിന്റെ സുസ്ഥിതിക്കും ദൈവമഹത്വത്തിനും വേണ്ടി നടത്തുന്ന ഏറ്റവും വലിയ നിക്ഷേപം ആണെന്ന് തിരിച്ചറിയണം.

സത്രത്തിൽ ജോസഫിനും മേരിക്കും ഇടം കിട്ടാത്തതുകൊണ്ടാണ് അവർ കാലിത്തൊഴുത്തിലേക്ക് പോകേണ്ടി വന്നത്. കനലിനുമീതെ ചാരം കിടന്നാൽ കനലിനു



**പരസ്പരമുള്ള പ്രോത്സാഹനങ്ങളും നല്ല വാക്കുകളും അല്ലേ കുടുംബത്തിലെ അടിത്ത റയെ ബലപ്പെടുത്തുന്നത്. മാതാപിതാക്കളുടെ ജീവിതമാണ് കുഞ്ഞു ങ്ങൾ വായിക്കുന്ന പുസ്തകം. ഞാൻ ജീവിച്ചു കാണിക്കാത്ത സുകൃത ങ്ങൾ എന്റെ മക്കളിൽ കാണുവാൻ ഞാൻ ശഠി ക്കുന്നത് ശരിയാണോ?**

ജ്വലിക്കാനാകുമോ? അലസതയും, ഒഴികഴിവുകളുമാകുന്ന ചാരത്തെ ഊതിപ്പറപ്പിച്ച് ദൈവസാന്നിധ്യമാകുന്ന കനലുകളെ ജ്വലിച്ചുയരാൻ അനുവദിക്കുക. ഇതിനുള്ള പരിശ്രമമാണ് കുടുംബപ്രാർത്ഥനയിൽ നടക്കുക. ദൈവത്തോട് ചേർന്നു നിൽക്കുക ദൈവം നമ്മോടു ചേർന്നു നില്ക്കും.

### ജീവിതമൂല്യങ്ങൾ കാത്തു സൂക്ഷിക്കാം

ഉപഭോഗസംസ്കാരത്തിന്റെ നീരാളിപ്പിടുത്തത്തിൽ നിന്നും സ്നേഹസംസ്കാരത്തിന്റെ നിസ്വാർത്ഥതയിലേക്ക് വളർന്നാലേ കുടുംബാന്തരീക്ഷം സന്തോഷപ്രദമാകൂ. ആധുനിക കുടുംബം നേരിടുന്നവെല്ലുവിളികളിൽ ഏറ്റവും പ്രധാനപ്പെട്ടത് മൂല്യത്തകർച്ചയാണ്. ധാർമ്മികവും, മതപരവുമായ മൂല്യങ്ങൾക്ക് എന്നും പ്രാധാന്യം കൽപ്പിച്ചു കൊണ്ട് ജീവിക്കാനാണ് കഴിയേണ്ടത്. എങ്കിൽ മാത്രമേ



ജീവിതത്തിൽ പ്രശ്നങ്ങളേയും പ്രതിസന്ധികളേയും നേരിടുവാൻ വ്യക്തികൾ കരുത്താർജ്ജിക്കുകയുള്ളൂ.

ഭാവിതലമുറയേപ്പറ്റി പ്രതീക്ഷ അർപ്പിക്കുന്നവർ കുടുംബത്തേയും ആത്മീയ നിലവാരവും ഉയർത്തിപിടിക്കേണ്ടതുണ്ട്.

**നസ്രത്തിലെ സമാധാനം**

സ്വത്തല്ല സ്വസ്ഥതയാണ് മനുഷ്യനിന്നാവശ്യം അതു പങ്കുവെക്കലുകളിലൂടെയും കൂട്ടായ്മയിലൂടെയും മാത്രമേ സംജാതമാകൂ. കുടുംബജീവിതത്തിനും ബന്ധങ്ങൾക്കും എപ്പോഴും മാതൃകയാക്കേണ്ടത് നസ്രത്തിലെ തിരുകുടുംബത്തേയാണ്. ദൈവത്തിനും ദൈവവചനത്തിനും പ്രാമുഖ്യം കൊടുക്കുന്നതാണ് നസ്രത്തിലെ കുടുംബം. പ്രാർത്ഥനയുടെ കുടുംബം, ആത്മ സമർപ്പണത്തിന്റെ കുടുംബം എന്നിങ്ങിനെ തിരുകുടുംബത്തെ വിശേഷിപ്പിക്കാം. ആ കൊച്ചു കുടുംബത്തിൽ നീതിമാനായ ഭർത്താവ്, നന്മനിറഞ്ഞ ഭാര്യ, അത്യുന്നതന്റെ പുത്രനായ മകൻ ഇവരാണ് തിരുകുടുംബശില്പികൾ.

പരസ്പരമുള്ള പ്രോത്സാഹനങ്ങളും നല്ല വാക്കുകളും അല്ലേ കുടുംബത്തിലെ അടിത്തറയെ ബലപ്പെടുത്തുന്നത്. മാതാപിതാക്കളുടെ ജീവിതമാണ് കുഞ്ഞുങ്ങൾ വായിക്കുന്ന പുസ്തകം. ഞാൻ ജീവിച്ചു കാണിക്കാത്ത സുകൃതങ്ങൾ എന്റെ മക്കളിൽ കാണുവാൻ ഞാൻ ശഠിക്കുന്നത് ശരിയാണോ?

**കുഞ്ഞുങ്ങൾ ദൈവത്തിന്റെ മക്കൾ**

കുടുംബമെന്ന ദേവാലയത്തിലെ വെളിച്ചം ചൊരിയുന്ന ദീപങ്ങളാണ് കുഞ്ഞുങ്ങൾ. അവർ ജനിക്കുന്നതിന് മുമ്പ് തന്നെ പ്രാർത്ഥനാപൂർവ്വമായ ഒരുക്കം അത്യന്താപേക്ഷിതമാണ്. ഗർഭധാരണം എന്നത് സൃഷ്ടികർമ്മത്തിൽ സർവ്വേശ്വരനോടുകൂടി പങ്കാളികൾ ആകുന്ന അവസ്ഥയാണ്. തുടർന്ന് ദീർഘമായ ഒരുക്കകാലം തുടങ്ങുന്നു; ശാരീരികമായും, മാനസികമായും, ആത്മീയമായും ശ്രദ്ധ പുലർത്തേണ്ട സമയം. ജനിക്കാനിരിക്കുന്ന ശിശുവിനേപ്പറ്റി മാതാപിതാക്കൾ ചിന്തിക്കുകയും പ്രാർത്ഥിക്കുകയും വേണം. കുഞ്ഞിനെ പറ്റിയുള്ള ദൈവഹിതം എന്തെന്നറിയുവാൻ ആഗ്രഹിച്ചു പ്രാർത്ഥിക്കുകയും വേണം. അങ്ങിനെയുണ്ടാകുന്ന കുഞ്ഞുങ്ങൾ ഒരനുഗ്രഹം ആയിരിക്കും.

**പ്രാർത്ഥിക്കുന്ന കുടുംബം**

കുടുംബജീവിതം എന്നത് വിട്ടുവീഴ്ചകളുടെ അരങ്ങാകുന്നു. അതിൽ വിജയം നേടുവാൻ ഒരുമിച്ചുള്ള പ്രാർത്ഥന കൂടിയേ തീരൂ. ദൈവാശ്രയബോധവും പ്രത്യാശയും, മനോധൈര്യവുമാണ് ഇതുമൂലം ലഭിക്കുന്നത്. ഏതു പ്രതിസന്ധികളിലും അവയെ ദൈവകരങ്ങളിലേൽപ്പിച്ച് മനോധൈര്യത്തോടെ മുന്നോട്ടു നീങ്ങാം. നമ്മിൽ നിന്നും വേർപിരിഞ്ഞ് പോയവർക്കായ് പ്രാർത്ഥിക്കേണ്ടത് നമ്മുടെ കടമ തന്നെ. നാം നമുക്കായല്ല പ്രാർത്ഥിക്കേണ്ടത്. മദ്ധ്യസ്ഥപ്രാർത്ഥനയിലൂടെ എത്രയോ പേരെ നമുക്കു രക്ഷിക്കാനാകും. നമ്മുടെ സഹനങ്ങളെല്ലാം ഈശോയുടെ പീഡാസഹനങ്ങളോട് ചേർത്തു ശുദ്ധീകരണസ്ഥലത്തുള്ളവർക്കും ഈ ലോകത്തുള്ളവർക്കുമായ് നമുക്കു കാഴ്ചവെക്കാനാകും.

**ഭാര്യ ഭർത്താക്കന്മാർ ശ്രദ്ധിക്കാം**

ഭർത്താവിനു മുമ്പിൽ സ്വയം ഇല്ലാതാകുന്ന ഭാര്യക്കും, ഭാര്യക്കുവേണ്ടി സ്വയം ഇല്ലാതാകുന്ന ഭർത്താവിനും അവകാശപ്പെട്ടതാണ് വിജയകരമായ കുടുംബജീവിതം. സ്നേഹമയിയായ ഭാര്യയോടും, മക്കളോടും കൂടെ വാത്സല്യം കൈമാറുന്ന കുടുംബസായ്ഹാനമാണ് ഭൂമിയിലെ സ്വർഗ്ഗം. അതുപോലെ അനുദിന ജീവിതത്തിൽ മാതാപിതാക്കൾ മാറ്റിവെക്കുന്ന ഏതാനും നിമിഷങ്ങളാണ് നാം മക്കൾക്കു നൽകുന്ന അതിവിശിഷ്ടമായ പാരമ്പര്യസ്വത്ത്.

സ്നേഹിക്കപ്പെടുകയെന്ന ഭാര്യയുടെ ആഗ്രഹവും ബഹുമാനിക്കപ്പെടുകയെന്ന ഭർത്താവിന്റെ അഭിലാഷവും പരസ്പരപൂരകങ്ങളാണ്. ഇവ രണ്ടും നിറവേറ്റപ്പെടുന്നിടത്തേ ദാമ്പത്യം വിജയിക്കൂ. ദൈവത്തന്റെ അദൃശ്യ സാന്നിധ്യം നമ്മുടെ കുടുംബങ്ങളെ നയിക്കട്ടെ!

Mr. George Chirayath
Belongs to Kurla (W) Parish,
Malayalam Mission Teacher

# Technology and social media:

## Bridging and Blocking gaps within the family

I happened to read a piece of news accidently a few days ago and it shocked me a lot. According to a new poll conducted by The Times of India, “Almost 70 per cent of the people who were a part of the survey said that they preferred to call or email or text someone rather than having a face-to-face conversation with them.” Reading this snippet got me thinking. What does it mean? Does technology make the communication among people better or worse?





We cannot deny the fact that technology has brought us a lot of benefits. From the generation that the first personal computer was invented until now, technological advancements in the field of communication are endless. Social media are technologies that facilitate the creations and sharing of information, ideas and interests. Some of the most popular social media channels are Whatsapp, Instagram, Facebook, Messenger, Myspace, Linked in, Snap chat, Twitter, Viber, We chat and Kilike. These social media websites have ten crore+ registered users. It is the best connecting link between members of the family and friends across the countries.

Technology should not affect humans adversely, it is not created to affect in that manner. But when we overuse it, when we forget the basic rules and methods then it hits back at us. This is true for any communication machine and technology. Even if you eat too much or sleep too much, you will become unhealthy. There need to be certain limits with the use of every such technological advancement.

It is very important to have healthy communication within a family as it is the core facet that gives an opportunity to the members to express themselves about their needs, cares, concerns, love, worries and differences. Many problems, disputes, doubts can be resolved through frank discussions, sitting across the table. Healthy and successful families are built up on effective communication whereas broken families are a result of poor communication or no communication and thus, unhealthy relationships. Lack of communication leads to a plethora of family disputes, conflicts, lack of intimacy and weak emotional bonding and of course, broken families and even divorce.

As we are living in an age of technology, children are glued to mobile phones and

computer screens. It is a very dangerous and challenging situation. There is no face to face communication between children, parents and relatives. Most of the youngsters are in self-made Robinson Crusoe's islands, unwilling to visit relatives and to attend social and family gatherings. The use of technology in communication is increasing anger, greed, fascination and jealousy, because we are constantly keeping a track of everyone on social media and their posts affect us, we prefer communicating to them virtually in a mediocre fashion and this creates unnecessary stressors in communication and in our relationships. The nature of relationships has changed drastically due to these habitual changes.

Neil Postman raised an important point when he said, “New technology gives something important, and also takes away something important.” The youth are busy playing exciting computer games and chatting with their friends online, how about their relationships with their parents? Will the generation gap become much wider due to the lack of communication? People can do everything at home now, do we then still need extra community life? Will people still go outside to make friends? Will their social communication skills degenerate in the future?

Time and spaces are no longer constraints in communication. A strong connection among people is built by online video talk. People who study abroad, can see our parents and friends whenever they want. Communication among parents, friends and us is enhanced. However, parents should ideally find time to spend with family members in person.

Travelling time, dinnertime, prayer time, bed time and family functions must be positively and constructively channeled to emotional bonding and cementing relationships. Complements and corrections should go hand in hand. Many times, the communication is not clear and direct and so is misunderstood.

Avoid indirect and masked messages as it won’t save the purpose. Avoid negativism. Communication should be creative, and end with positivism. It is better to say “It is disappointing when people forget their responsibilities” rather than saying “Son, I am disappointed that you forgot to set the table”. Frequent, clear and direct communication leads to healthy relationships. Listening to what others are saying is an important aspect of effective communication. Verbal and non-verbal messages should be understood in the correct perspective. Active listening is an acknowledgement and form of expressing respect to the other person.

Strong relationships can be built only on trust. Parents should provide healthy and safe environment for expressing thoughts and feelings of others and different parameters when communicating with children, youth and grown-ups. Effective communication in the family leads to better relationships between the family members. Trust, listening and understanding must be its foundation. It develops self-esteem in the children and it will produce noticeable results in their academic and non-academic performance.

Thus, it is clear that technology and social media can be used as a means of bridging and strengthening relationship within the family, but at the same time an overuse of which can lead to blocks in our relationships. As a conclusion, whether technology makes the communication among people better or worse depends on how much we let technology rule our lives. Technology definitely helps our communication advance a lot, but it also creates communication barriers. Everything can be a double-edged sword. So, we all need to pause and think, are we using technology or is technology using us?

Mr. Xavier T.J.
Belongs to Kandivli East, Principal of Holy Mother’s English School, Malad (E)

# ഓർമ്മകളിലെ അപ്പൂപ്പനമ്മൂമ്മയും അവരുടെ കാത്തിരുപ്പും

പണ്ടൊക്കെ കൂട്ടുകുടുംബങ്ങളായിരുന്നു. ഒരു വീട്ടിൽ തന്നെ വെല്ല്യപ്പനും വെല്ല്യമ്മയും അപ്പനും അമ്മയും മക്കളും മരുമക്കളും കൊച്ചുമക്കളും ഒരുമിച്ചു കഴിയുന്ന കാലം. പരസ്പരം സ്നേഹിച്ചും കലഹിച്ചും വീട്ടുവീഴ്ച ചെയ്തും Adjustment ചെയ്തും മുന്നോട്ട് പോയിരുന്ന കാലം. എല്ലാ കുടുംബാംഗങ്ങളും തമ്മിൽ സംസാരിച്ചിരുന്ന കാലം.

അവധികളിലും ആഘോഷാവസരങ്ങളിലും ബന്ധുക്കൾ ഒരുമിച്ചു കൂടി സന്തോഷം പങ്കിട്ട കാലം. കുടുംബത്തിലെ കാരണവരായ വെല്ല്യപ്പൻ കാര്യങ്ങൾ നിയന്ത്രിച്ചിരുന്ന കാലം. അടുക്കും ചിട്ടയോടും അച്ചടക്കത്തോടും കുടുംബാംഗങ്ങൾ കഴിഞ്ഞിരുന്ന കാലം.

ആ കാലം കഴിഞ്ഞു.

ഇപ്പോൾ അണുകുടുംബങ്ങളായി.

ഒരു വീട്ടിൽ അപ്പനും അമ്മയും ഒരു മകനോ അല്ലെങ്കിൽ മകളോ, ഏറ്റവും കൂടിയാൽ രണ്ടു മക്കൾ.



വെല്ല്യപ്പനും വെല്ല്യമ്മയും (Grandparents) അന്യം നിന്നു പോയ വിഭാഗം ആയി മാറി. ഒന്നുകിൽ അവർ നാട്ടിലെ വീട്ടിൽ ഒറ്റയ്ക്കും മക്കളും കൊച്ചുമക്കളും വിദേശത്തും. അല്ലെങ്കിൽ ഏതെങ്കിലും വൃദ്ധസദനങ്ങളിൽ. അതെ, Grandparentsഇല്ലാത്ത അണുകുടുംബങ്ങൾ.

ഇത്തരം അണുകുടുംബങ്ങളിലെ ജീവിതങ്ങളിലേയ്ക്ക് ഒന്ന് കണ്ണോടിച്ചാൽ, പഴയ കാല കൂട്ടുകുടുംബങ്ങളിലെ പല നന്മകളും ഗുണങ്ങളും എവിടെയോ നഷ്ടപ്പെട്ടു എന്നു മനസ്സിലാക്കാൻ സാധിക്കും.

കുടുംബജീവിതത്തിൽ എപ്പോഴും അച്ചടക്കം കാത്തുസൂക്ഷിക്കാൻ കാരണക്കാർ കാർക്കശ്യക്കാരായ Grandparents തന്നെ ആയിരുന്നു. അവരുടെ ആജ്ഞകളും നിർദ്ദേശങ്ങളും പ്രത്യക്ഷത്തിൽ അല്പം ഈർഷ്യ ഉളവാക്കിയിരുന്നെങ്കിലും ജീവിതത്തിന്റെ അടിയൊഴുക്കുകളിൽ കാലിടറാതിരിക്കാൻ അത് ഏറെ ഗുണം ചെയ്തു.

കുടുംബപ്രാർത്ഥനകൾ മുടക്കം കൂടാതെയും വീഴ്ച വരുത്താതെയും ഭക്തിയോടെ അർപ്പിച്ചിരുന്നതിന്റെ യഥാർത്ഥ കാരണക്കാർ Grandparents ആയിരുന്നു എന്നത് വാസ്തവമാണ്. യഥാർത്ഥത്തിൽ കൊച്ചുമക്കളെ പ്രാർത്ഥനാജീവിതത്തിന്റെ ചട്ടക്കൂടുകളിൽ തയ്യാറാക്കിയെടുത്തത് അവർ തന്നെയാണ്. കൊച്ചുമക്കളെ പ്രാർത്ഥന പഠിപ്പിച്ചതും കൂടുതലും അവർ തന്നെ ആയിരുന്നു.

വി. ഗ്രന്ഥത്തിലെ സംഭവങ്ങൾ, ക്രൈസ്തവചരിത്രത്തിലെ കൊച്ചു കൊച്ചു കഥകൾ, വിശുദ്ധരുടെ ജീവിതകഥകൾ, സഭയിലെ നല്ല നല്ല വൈദികരുടെയും സന്യസ്തരുടെയും വിവരണങ്ങൾ, കേരളത്തിലെ പള്ളികളെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ, തിരുനാളുകളുടെ വിശേഷങ്ങളും ഓരോ സ്ഥലത്തെ തിരുനാളുകളുടെ പ്രത്യേകതകളും, പഴയകാല ക്രിസ്തീയ കുടുംബങ്ങളിലെ പ്രധാന സംഭവങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, വസ്ത്രധാരണരീതികൾ, പാരമ്പര്യങ്ങൾ, സംസ്കാരങ്ങൾ, കുടുംബങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ, നാട്ടുനടപ്പുരീതികൾ തുടങ്ങി വിലമതിക്കാനാവാത്ത, നമ്മെ അത്ഭുതപ്പെടുത്തുന്ന ഒട്ടേറെ വിവരങ്ങൾ കൊണ്ട് നിറഞ്ഞ ഒരു “എൻസൈക്ലോപീഡിയ” തന്നെയായിരുന്നു Grandparents. ഇവയെല്ലാം വാമൊഴിയായി മക്കളിലേയ്ക്കും കൊച്ചുമക്കളിലേയ്ക്കും തലമുറ തലമുറയായി കൈമാറിക്കൊണ്ടേയിരുന്നു.

എത്രയെത്ര കഥകളാണ് അവരിൽ നിന്നും സാകൂതം കാതോർപ്പിച്ച് കൊച്ചുമക്കൾ കേട്ടുകൊണ്ടിരുന്നത്. ആ കഥകൾ കേട്ട് എത്ര തവണ ഉറങ്ങിയിട്ടുണ്ട്. എത്രമാത്രം ആ കഥകൾ ആസ്വദിച്ചിട്ടുണ്ട്.

ബന്ധുവീടുകൾ സന്ദർശിക്കാനും അയൽവീടുകളിൽ പോകാനും കൊച്ചുമക്കൾക്ക് കൂടുതൽ അവസരങ്ങൾ ലഭിച്ചിരുന്നത് Grandparents വഴിയായിരുന്നു. പള്ളിയിൽ കൊണ്ടുപോയിരുന്നതും അവർ തന്നെയായിരുന്നു.

അപ്പനും അമ്മയും ജോലി തിരക്കിലാകുമ്പോൾ കുശലം പറയാനും കൊഞ്ചിക്കാനും സംസാരിക്കാനും കൊച്ചുമക്കൾക്ക് വല്ല്യപ്പനും വല്ല്യമ്മയും ആയിരുന്നു ആശ്രയം. എന്തിന് സ്കൂളിൽ കൊണ്ടു പോകാനും തിരികെ കൊണ്ടു വരാനും അവർ ഏറെ താത്പര്യം കാണിച്ചിരുന്നു.

കാർക്കശ്യക്കാരായിരുന്നുവെങ്കിലും അപ്പൻ തല്ലാൻ വടിയെടുത്താൽ അതിന് തടയിടാനും മടിയിൽ മുഖം പൂഴ്ത്തി രക്ഷ നേടാനും ആശ്രയിച്ചിരുന്നത് Grandparents നെ തന്നെയായിരുന്നു. കാർക്കശ്യത്തിന് പകരം സ്നേഹം കൊണ്ട് തലോടുന്ന ആ കൈവിരലുകൾ വിസ്മയം തന്നെ ആയിരുന്നു.

ഇതൊക്കെ ഇന്നത്തെ പുതിയ തലമുറയിലെ കുട്ടികൾക്ക് ലഭിക്കാത്ത സൗഭാഗ്യങ്ങളാണ്. Grandparents ന്റെ സ്നേഹവും വാത്സല്യവും തലോടലും നിയന്ത്രണവും ഇന്ന് കുട്ടികൾക്ക് അന്യമാണ്. അവരോട് എങ്ങിനെ പെരുമാറണം, എങ്ങിനെ സംസാരിക്കണം എന്നു പോലും കുട്ടികൾക്ക് അറിയില്ല.

മക്കളെയോ കൊച്ചുമക്കളെയോ കാണാൻ പോലും കൊതിയോടെ വർഷങ്ങൾ കാത്തിരിക്കേണ്ട ഗതികേടിലാണ് ഇന്ന് Grandparents. അവരെ തലോടാൻ, വെമ്പുന്ന ഹൃദയവും വിറയ്ക്കുന്ന കൈകളുമായി ആ കാത്തിരിപ്പ് നീളുന്നു.

Mrs. Deepa T. Agustine
is a teacher at St.Joseph's School, Pravithanam, Pala.

# My God sent Angel - MY SISTER

As a child, I never understood why I had to share my space with this person. Every time someone would get gifts or presents, I would have to divide it between me and this other person. Little did I know that the bond I then shared with this person would so be difficult for me to express in words someday down the line.

I remember watching the movie Angels in the Outfield as a kid with my sister. The line that the angel says, “We are always watching”, always struck a chord in my heart and bought tears to my eyes. I used to think as to why God never gave me an angel as the kid had in the movie. Well, now I have my answer loud and clear.



My sister my greateststrength, my guide, my pillar of support and my advisor, truly my God sent angel. During my childhood with my studies, during college in choosing my career, my sister was always there to support me. Everything about her, her pronunciation, her interest in reading, her helpful nature, her respect for elders, her love for everyone, I was totally in awe of all of this and so much more.

I still remember that day when she denied buying a glass of sugarcane juice for me, telling me that we had to avoid unnecessary expenses as we belonged to a middle-class family. At that moment,I was so annoyed with her. Nevertheless, when I look back at it today, I realize that this was the early lesson she taught me to be cautious about my expenses.

My dad is a disciplinarian, who always followed the early to bed and early to rise principle. But our chats would go on all through the day, so much so that even when the lights would go off, we would chatin the darkness all night long. I do not remember exactly what these talks were all about, but yes, I miss those dearly. When she got her first job, every weekend was like a party. We would go out shopping, watching movies, and getting stuff to decorate our home. Now that I think of those precious moments in my life, it always brings a smile to my face.

When times are difficult she is the shoulder I have to cry on, a true agony aunt. She had once

delivered a speechon the topic at some competition-Tough times do not last but tough people do, which applied so much to her. She would always tell me during my low moments to never lose faith at any cost and to surrender everything to God the Almighty in prayer, because of which I experienced miracles in my life, and continue to do.

The way in which she would narrate a story always left it imbibed in me, not letting me forgot it till date. I still remember the way in which she explained the story of Job from the Bible to me. Every time I am in a tough situation, I think of it and it helps me believe that this is a phase, which will pass by; the only thing required is never to lose faith in God as He is always watching us.

It was only because of her insistence that I went on to complete my Masters education, as she would always tell me that education is something we would always value all throughout our life.

When she got married and became a part of a new family, that was the biggest void I faced in my life. Coming to terms with the fact that she would not be around me from then on was very difficult, but then eventually, I made my peace with it since that is the way of life.

Even now, though I am married and a mother, I turn to her in times of need. Words are not required to convey anything, just by looking at me she would know what I am exactly going through. It is as though she can read my mind always. We are both a part of other families now, with both our shares of difficult moments and busy schedules.In spite of all that, she always makes it a point to call me and enquire aboutmy kid, family and me. I miss the long chats with her so much that sometimes I really wish those days would come back when we had no other thoughts but just us. I have always been pampered by two mothers, my mummy and my sister.I truly cannot put it in words as to how indebted I am to God and my parents for letting my sister come into my life.

No love in the world can replace the love of siblings. My sister means the world to me. When she was near me, I did not realize her value and always took her for granted. Now that she is away from me, I always long to be around her and grab any opportunity to go and meet her. The lovely moments we spent together, the small tiffs and arguments that we had, which would never last for more than an hour are all treasured.

Now that we are busy with our own families, we make it a point to call each other often, or pop up at anyone's place with the kids for a small cup of coffee, or just meet up on a Sunday and attend the Holy Mass together.I earnestly urge each one of you that no matter how far your sibling may be do make it a point to use the technological services that today's world offers us and either call, message or even send a letter to them and make them know their value in our life.

For the parents who feel that it is difficult to raise two kids in today's world because of the expenses involved, I would request them to please put in efforts and overcome it. Therefore, you would not deprive your child from the love of a sibling, a sibling who would be their friend, soulmate and companion for life.

Suja and Sudha
belong to St. Thomas Forane Church, Borivli West.

# RAISING MY DAUGHTER NEAR HER GRANDPARENTS IS THE GREATEST GIFT I COULD EVER GIVE HER



“Appapa Ammama house?” My two-year-old asks, as we get into the car. “Yayy!!”, she bounces on her feet as I steer left towards their building. “Njan ethiii” (Here I am), she beams chirpily, as my mother opens the door and asks, “Appapa, office?” to confirm if her biggest fan was home. This is her daily morning routine! You see, we live just a few buildings away from my mom and dad which means that my child has a near-daily interaction with her grandparents.

